# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 12/05/ 2020

## ലോക്-ഡൗൺ നിബന്ധനകൾ ലംഘിച്ച് പ്രതിഷേധ പരിപാടികളിൽ പങ്കെടുത്ത 77 പേർക്കെതിരെ പോലീസ് കേസ്

കൊല്ലം : ലോക്-ഡൗൺ നിബന്ധനകൾ നിലവിലിരിക്കെ ആയത് ലംഘിച്ച് വിവിധ പോലീസ് സ്റ്റേഷൻ പരിധികളിൽ പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചതിന് 77 പേർക്കെതിരെ കേരളാ എപിഡെമിക് ഡിസീസസ് ഓർഡിനൻസ് പ്രകാരം 15 കേസുകൾ രജിസ്റ്റർ ചെയ്തു. പരവൂർ, പാരിപ്പള്ളി, ചാത്തന്നൂർ, കൊട്ടിയം, കണ്ണനല്ലൂർ, ഓച്ചിറ, കൊല്ലം ഈസ്റ്റ്,പള്ളിത്തോട്ടം, കൊല്ലം വെസ്റ്റ് എന്നീ പോലീസ് സ്റ്റേഷൻ പരിധികളിലെ വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ്, സബ് രജിസ്ട്രാർ ഓഫീസ്, ഹെഡ് പോസ്റ്റ് ഓഫീസ്,ബി.എസ്.എൻ.എൽ ഓഫീസ് എന്നിവിടങ്ങളിലാണ് പ്രതിഷേധ പരിപാടികൾ കോൺഗ്രസ്സ് പാർട്ടിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചത്. കൊല്ലം വെസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ തങ്കശ്ശേരിയിൽ ലോക്-ഡൗൺ നിബന്ധനകൾ ലംഘിച്ച് വീട്ടിൽ കുട്ടികൾക്ക് ട്യൂഷൻ എടുത്തതിന് തങ്കശ്ശേരി സ്വദേശിനിക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തു. സർക്കാർ നിർദേശം ലംഘിച്ച് മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ സഞ്ചരിച്ചതിന് 68 പേർക്കെതിരെയും ലോക്-ഡൗൺ മാനദണ്ഡങ്ങൾ ലംഘിച്ച് വാഹനങ്ങളിൽ സഞ്ചരിച്ചതിനും പൊതുസ്ഥലങ്ങളിൽ കൂട്ടം കൂടിയതിനും പ്രതിഷേധ പരിപാടികളിൽ പങ്കെടുത്തതിനുമായി 178 കേസുകളും രജിസ്റ്റർ ചെയ്ത് 225 പേരെ അറസ്റ്റ് ചെയ്യുകയും 123 വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു. കണ്ണനല്ലൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ പൊതുനിരത്തിൽ അറവ് മാലിന്യം നിക്ഷേപിച്ച വാഹനമുൾപ്പെടെ 3 പേരെ അറസ്റ്റ് ചെയ്തു. രാത്രികാലങ്ങളിൽ അറവ് മാലിന്യം ജനവാസ കേന്ദ്രങ്ങളിൽ നിക്ഷേപിക്കുന്നത് പതിവായതിനെത്തുടർന്ന് സി.സി.റ്റി.വി ദൃശ്യങ്ങളുടെ സഹായത്തോടെ പോലീസ് നടത്തിയ ഊർജ്ജിത അന്വേഷണത്തിലാണ് വാഹനവും ഡ്രൈവർ നവാസിനേയും സഹായി ഷമീറിനേയും വാഹന ഉടമ കിളികൊല്ലൂർ അമ്പലത്തുവിള വീട്ടിൽ ഷമീറിനേയും കണ്ണനല്ലൂർ പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ യു.പി.വിപിൻ കുമാറിന്റെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തത്. വിദേശരാജ്യങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും തിരികെയെത്തി ഗൃഹ നിരീക്ഷണത്തിലും സർക്കാർ നിരീക്ഷണ കേന്ദ്രങ്ങളിലും കഴിയുന്നവർ സർക്കാർ ഏർപ്പെടുത്തിയ

നിയന്ത്രണങ്ങളും മാർഗ നിർദേശങ്ങളും കൃത്യമായി പാലിക്കേണ്ടതാണെന്നും ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി ഐ.പി.എസ് അറിയിച്ചു.

സന്നദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി പരവൂർ ജനമൈത്രി പോലീസ് കലയ്ക്കോട്, കോട്ടപ്പുറം എന്നിവിടങ്ങളിലെ നിർധനരായ അമ്പതോളം കുടുംബങ്ങൾക്ക് പരവൂർ ഹാരിസ് സൂപ്പർ മാർക്കറ്റ് ഉടമയുടെ സഹായത്തോടെ പലവ്യഞ്ജനക്കിറ്റുകൾ വിതരണം ചെയ്തു. കൊല്ലം വെസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ ദുരിതത്തിൽ കഴിഞ്ഞിരുന്ന 10 ആട്ടോറിക്ഷ തൊഴിലാളികൾക്ക് പലവ്യഞ്ജനക്കിറ്റുകളും 25 പേർക്ക് ദിവസവും നൽകി വരുന്ന ഭക്ഷണപ്പൊതിയും ജനമൈത്രി പോലീസ് വിതരണം ചെയ്തു. വിവിധ പോലീസ് സ്റ്റേഷൻ പരിധികളിൽ ജനമൈത്രി പോലീസ് അതിഥി തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകളും വീടുകളും സന്ദർശിക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്തു.